LIBRARY ARCHIVES Kerala Legislative Assembly

കൂടംകുളം ആണവനിലയത്തിൽ നിന്നുള്ള വൈദ്യുതി

22 (7858) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവ നിലയത്തിൽ നിന്ന് കേരളത്തിൽ വൈദ്യുതി എത്തിക്കുന്നതിനായി വൈദ്യുതി ലൈൻ വലിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) വൈദ്യുതി ടവറുകൾ സ്ഥാപിക്കേണ്ടതും, ലൈൻ കടന്നു പോകുന്നതുമായ സ്ഥലങ്ങളും, ലൈനിന്റെ അലൈയ്ൻമെന്റും സംബന്ധിച്ച് ഉണ്ടായിരുന്ന തർക്കം പരിഹരിച്ചിട്ടുണ്ടോ ;

(സി) കൂടംകുളം വൈദ്യുതി നിലയത്തിൽനിന്നും കേരളത്തിന് എത്ര വൈദ്യുതിയാണ് ലഭിക്കേണ്ടത് ; ഇത് ലഭിച്ചു തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ;

(ഡി) കേരളത്തിന് അർഹമായ വിഹിതം തമിഴ്നാട് തടഞ്ഞു വച്ചിരിക്കുകയാണെന്നുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കൂടംകുളം ആണവ നിലയത്തിൽനിന്നും കേരളത്തിലേക്ക് വൈദ്യുതി കൊണ്ടുവരുന്നതിനുവേണ്ടി തിരുനെൽവേലി മുതൽ തൃശ്ശൂർ മാടക്കത്തറ വരെ ഒരു 400 കെ.വി. ലൈൻ നിർമ്മിക്കുവാനും കൊച്ചി (പള്ളിക്കര)യിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ടി പ്രവൃത്തികൾ പി.ജി.സി.ഐ.എൽ. ആണ് നടപ്പാക്കുന്നത്. തിരുനെൽവേലി മുതൽ ഇടമൺ വരെയുള്ള ലൈൻ നിർമ്മാണവും കൊച്ചി (പള്ളിക്കര)യിൽ നിന്നും മാടക്കത്തറ വരെയുള്ള ലൈൻ നിർമ്മാണവും കൊച്ചി (പള്ളിക്കര)യിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഇടമൺ മുതൽ പള്ളിക്കരവരെയുള്ള ലൈൻ നിർമ്മാണം ടി റൂട്ടിലെ കർഷകരുടെ എതിർപ്പുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. പ്രസ്തുത ലൈൻ നിർമ്മാണം നടത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും കർഷകരുമായും ജനപ്രതിനിധികളുമായി ലൈൻ വലിക്കുന്നത് സംബന്ധിച്ചും കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുവേണ്ടിയുള്ള നഷ്ടപരിഹാര നിർദ്ദേശങ്ങളിന്മേലും ചർച്ചകൾ നടന്നുവരുന്നു. പ്രസ്തുത നഷ്ടപരിഹാര മാനദണ്ഡങ്ങളിൽ പി.ജി.സി.ഐ.എൽ.-നുള്ള വ്യത്യസ്ത നിലപാടുമൂലം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്മേൽ, ഇടമൺ-കൊച്ചി ലൈൻ നിർമ്മാണത്തിന് സത്വര നടപടികൾ സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം

നൽകിയിട്ടുണ്ട്. അതിൻപ്രകാരം ലൈൻ നിർമ്മാണം പുനരാരംഭിക്കുന്നതിനുവേണ്ടി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുതരുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടറോട് പി.ജി.സി.ഐ.എൽ. ആവശ്യപ്പെട്ടിട്ടുണ്ട്. ലൈൻ നിർമ്മാണം പുനരാരംഭിക്കുവാനുള്ള അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൂടംകുളം വൈദ്യുതി നിലയത്തിന്റെ യൂണിറ്റ് ഒന്നിൽ (1000 മെഗാവാട്ട്) നിന്നും കേരളത്തിന് 133 മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കേണ്ടത്. കമേഴ്സ്യൽ ഓപ്പറേഷൻ ആകാത്തതിനാൽ നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 15.65 ശതമാനം കേന്ദ്രവിഹിതമായി കേരളത്തിന് ലഭിക്കുന്നുണ്ട്. ഒക്ടോബർ 2013 മുതൽ ഇതു ലഭിച്ചു തുടങ്ങിയിട്ടുണ്ട്.

(ഡി) ഇല്ല.

വൈദ്യുതി പ്രതിസന്ധി

23 (7859) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രപൂളിൽ നിന്ന് വൈദ്യുതി എത്തിക്കുന്നതിന് ആവശ്യമായ വൈദ്യുതി ലൈൻ ഇല്ലാതെ വന്നതുകൊണ്ട് സംസ്ഥാനത്ത് വൈദ്യുതി രംഗത്ത് പ്രതിസന്ധി ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നം ഇതുവരെയും പരിഹരിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

കേന്ദ്രപൂളിൽനിന്ന് ലഭിക്കുന്ന വൈദ്യുതി കേരളത്തിൽ എത്തിക്കുന്നതിന് ആവശ്യമായ പ്രസരണ ലൈനുകൾ ഉണ്ട്.

കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാൻ നടപടി

24 (7860) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ വർദ്ധിച്ചുവരുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) തകരാറിലായതും ശരിയായ റീഡിംഗ് കാണിക്കാത്തതുമായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തത് സാമ്പത്തിക പ്രതിസന്ധിക്ക് ഒരു വലിയ കാരണമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly